**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3974** | **24-08-2017 ലെ മറുപടി**

## നവ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകൾ, നദികൾ എന്നിവയുടെ സംരക്ഷണത്തിനായി നവ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) & (ബി) | നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ "ഹരിതകേരളം മിഷന്റെ" ഉപമിഷനായ ജലസംരക്ഷണത്തിന്റെ (ജലസമൃദ്ധി) ഭാഗമായി സംസ്ഥാനത്തെ ജലസ്രോതസ്സുകളായ കുളങ്ങൾ, നദികൾ, തോടുകൾ എന്നിവയുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിടുന്നു. ഇതിനായി സംയോജിത നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി, വിവിധ വകുപ്പുകളുടെ ഏകോപനവും ജനപങ്കാളിത്തവും ഉറപ്പാക്കി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പദ്ധതി നിർവ്വഹിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ, ആദ്യഘട്ടമായി കുളങ്ങൾ, തോടുകൾ എന്നിവ പുനരുദ്ധരിച്ച് കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കുള്ള സ്രോതസ്സാക്കി മാറ്റി നിലനിർത്താനുമുള്ള പ്രവർത്തനങ്ങളും, രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ ശുചീകരണം ഏകോപനത്തോടെ പ്രാവർത്തികമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി താഴെ വിവരിക്കുന്ന പ്രവർത്തനങ്ങൾ മിഷന്റെ ഭാഗമായി ഏറ്റെടുക്കും:<br><br>1. കിണറുകളുടെ ശുചീകരണവും മഴവെള്ള റീ-ചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ<br>2. ക്വാറികൾ പോലെയുള്ള മനുഷ്യ പ്രവർത്തന-ങ്ങളാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കുക.<br>3. ഭൂപ്രകൃതിയ്ക്കനുസൃതമായി അനുയോജ്യമായ സാങ്കേതിക വിദ്യ അവലംബിച്ച്, ഭൂജല പോഷണം വഴി പരമാവധി മഴവെള്ളം മണ്ണിലേയ്ക്കിറങ്ങാൻ വേണ്ടി നടപടികൾ (കുന്നിൻ മുകളിൽ നിന്ന് താഴ് വാരത്തിലേയ്ക്ക് നീങ്ങുന്ന സമീപനം)<br>4. വ്യവസായിക - ഗാർഹിക ഉപഭോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാ ഘട്ടത്തിലും പരിശോധനയും ജല |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഓഡിറ്റിംഗും ബഡ്ജറ്റിംഗും നടത്തുകയും പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജലം സംരക്ഷിക്കുക.<br>5. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്‌വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ<br>6. ജലസംരക്ഷണം സാധ്യമാകുന്നതിന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഉറപ്പാക്കുക.<br><br>തൊഴിലുറപ്പ പദ്ധതിയ്ക്കു പുറമെ, സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതം, സന്നദ്ധ സേവനം എന്നിവ വഴിയാണ് ഇത് നിർവ്വഹിക്കുക. |
| (സി) | ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ ഭരണാനുമതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | ജലസംരക്ഷണം (ജലസമൃദ്ധി) ഉപമിഷന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി (i) കുളങ്ങളുടെ പുനഃരുദ്ധാരണം പ്രവൃത്തികൾക്കായി 4702-00-101-63 എന്ന ശീർഷകത്തിൽ 5 കോടി രൂപയും (ii) വി.സി.ബി/തടയണ എന്നിവയുടെ നിർമ്മാണത്തിനായി ഹരിതകേരളം എം.ഐ ക്ലാസ്സ്-II '4702-00-101-65' എന്ന ശീർഷകത്തിൽ 5 കോടി രൂപയും (iii) എം.ഐ ക്ലാസ്സ്-I ഹരിതകേരളം '4702-00-101-66' എന്ന ശീർഷകത്തിൽ 5 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അനുസൃതമായി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ചിറയുടെ പുനരുദ്ധാരണത്തിനായി 2.30 കോടി രൂപയുടെ ഭരണാനുമതി 4702-00-101-63 റിനവേഷൻ ഓഫ് പോണ്ട്സ് എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ